# നീര ഉൽപാദനം ഉടൻ തുടങ്ങാൻ വിദഗ്ധ സമിതി ശുപാർശ

## ● അടുത്ത ഏപ്രിലിനു മുൻപ് നീര ഉൽപാദനം തുടങ്ങണമെന്ന് കരട് റിപ്പോർട്ടിൽ നിർദേശം

**മഹേഷ് ഗുപ്തൻ**

തിരുവനന്തപുരം● കേരളത്തിൽ വൻ വിപണന സാധ്യതയുള്ള നീരയുടെ ഉൽപാദനം ഉടൻ തുടങ്ങണമെന്നും സർക്കാരിനും കേരകർഷകർക്കും നീര വൻ വരുമാന മാർഗമാകുമെന്നും സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി.

അടുത്ത ഏപ്രിലിൽ ആസിയാൻ കരാർ നിലവിൽ വരുന്നതോടെ വിദേശ രാജ്യങ്ങളിൽനിന്നുള്ള നീര കേരളത്തിലും വിൽപനയ്ക്കെത്തും എന്നതിനാൽ അതിനു മുൻപു നീര ഉൽപാദനം തുടങ്ങി 14 ശതമാനം നികുതി ചുമത്തണമെന്നും സമിതിയുടെ കരട് റിപ്പോർട്ടിൽ നിർദേശിക്കുന്നു.

സമിതിയുടെ അവസാന യോഗം പത്തിനു ചേരും. അന്തിമ റിപ്പോർട്ട് 15നകം സർക്കാരിനു സമർപ്പിക്കും.

നീര ഉൽപാദന സാധ്യതകളെക്കുറിച്ചു പഠിക്കാൻ എക്സൈസ് കമ്മിഷണർ അനിൽ സേവ്യർ ചെയർമാൻ ആയി സർക്കാർ നിയോഗിച്ച സമിതിയുടേതാണ് റിപ്പോർട്ട്. വിലയിടിവുമൂലം കഷ്ടപ്പെടുന്ന കേരകർഷകരെ രക്ഷിക്കാനുള്ള ഏറ്റവും ഫലപ്രദ മാർഗമാണു നീരയെന്നു റിപ്പോർട്ടിൽ പറയുന്നു. നീരയുടെ ഉൽപാദനവും വിതരണവും നാളികേര വികസന ബോർഡ് തിരഞ്ഞെടുക്കുന്ന കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റികളെ ഏൽപ്പിക്കണം. 10 മുതൽ 25 വരെ സൊസൈറ്റികളെ ചേർത്ത് ഫെഡറേഷനുകൾ രൂപീകരിക്കണം. ഈ സൊസൈറ്റികളിൽ കള്ളുചെത്തു തൊഴിലാളികളെയും ഉൾപ്പെടുത്തണം. നീരയും അനുബന്ധ ഉൽപന്നങ്ങളും ഉണ്ടാക്കാൻ നാളികേര വികസന ബോർഡ് പരിശീലനം നൽകും. നീര ചെത്തിയെടുക്കാൻ എക്സൈസ് വകുപ്പിന്റെ അനുമതി വേണം. എന്നാൽ വൃക്ഷക്കരം ഈടാക്കില്ല. അബ്കാരി നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ടുതന്നെ നീര ഉൽപാദിപ്പിക്കണം.

അതേസമയം, അംഗീകൃത ചെത്തുതൊഴിലാളികൾക്കോ സംസ്ഥാന ബവ്റിജസ് കോർപറേഷനോ മാത്രമേ നീര ഉൽപാദിപ്പിക്കാൻ അവകാശമുള്ളൂ എന്ന അബ്കാരി നിയമത്തിലെ ചട്ടങ്ങൾ ഭേദഗതി ചെയ്യാനും ധാരണയായിട്ടുണ്ട്. നീരയുടെ ദുരുപയോഗം തടയാൻ എക്സൈസ് വകുപ്പിന്റെ മേൽനോട്ടം വേണമെന്നും സമിതി റിപ്പോർട്ടിന്റെ കരടിലുണ്ട്. സമിതിയിലെ തൊഴിലാളി പ്രതിനിധികൾ പല നിർദേശങ്ങളോടും എതിർപ്പു രേഖപ്പെടുത്തിയിട്ടുണ്ട്. കള്ളു വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ കള്ളുവ്യവസായ വികസന ബോർഡ് രൂപവൽക്കരിക്കണമെന്നും കള്ളുഷാപ്പുകൾ ഒരു വർഷത്തേക്കു ലേലം ചെയ്യുന്ന രീതി മാറ്റി മൂന്നുവർഷത്തേക്ക് ഒരുമിച്ചു ലേലം ചെയ്യണമെന്നും സമിതി നിർദേശിക്കുന്നു.

**ഒരു തെങ്ങ്**

### മാസവരുമാനം 4500 രൂപ



ഒരു തെങ്ങിൽനിന്ന് ഒരു ദിവസം മൂന്നു ലീറ്റർ വരെ നീര ഉണ്ടാക്കാം. ലീറ്ററിന് 50 രൂപ തോതിൽ പ്രതിമാസം 4500 രൂപ വരുമാനം. കേരളത്തിലുള്ള 18 കോടി തെങ്ങുകളിലെ 18 ലക്ഷം തെങ്ങുകളിൽ നിന്നെങ്കിലും നീര ഉൽപാദിപ്പിക്കാൻ തുടങ്ങിയാൽ കേരളത്തിനു പ്രതിവർഷം 10,000 കോടി രൂപയോളം വരുമാനമുണ്ടാക്കാൻ കഴിയുമെന്നാണ് നാളികേരവികസന ബോർഡിന്റെ കണക്ക്.